## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 503

29.01.2019 ൽ മറുപടിക്ക്

## നിക്ഷേപക സൗഹൃദ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.റോജി എം. ജോൺ :** | | **ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ; | **(എ)** | ആണ്. |
| (ബി) | കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം പാസ്സാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; | **(ബി)** | ഉണ്ട്. |
| (സി) | വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയുടെ നേതൃത്വത്തിലുള്ള പാർക്കുകളിൽ ആവശ്യമായ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(സി)** | സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മിതമായ നിരക്കിൽ കെ.എസ്.ഐ.ഡി.സി യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക് / ഏരിയകളിൽ വേഗത്തിൽ ലഭ്യമാകുന്നതാണ്. കെ.എസ്.ഐ.ഡി.സി യുടെ വ്യവസായ കെട്ടിട സമുച്ചയങ്ങളിൽ, കാർഗോ ലിഫ്റ്റ്, പാസഞ്ചർ ലിഫ്റ്റ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി |

| | | | |
|---|---|---|---|
| | | | വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യുടെയും കിൻഫ്രയുടെ പാർക്കുകളിൽ ഭൂമി/കെട്ടിടം എന്നിവയുടെ ലീസ്/വാടക തുക നിജപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത സ്ഥലത്തെ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ചിലവായ തുകയെ അടിസ്ഥാനമാക്കിയാണ്. |
| (ഡി) | യുവ - വനിതാ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ? | **(ഡി)** | അങ്കമാലിയിലെ ഇൻകെൽ ടവറിൽ കെ.എസ്.ഐ.ഡി.സി സജ്ജീകരിച്ചിരിക്കുന്ന "വീ-സ്പേസ്" അഥവാ വനിതാ അപ്പാരൽ പാർക്ക് വനിതാ, സംരംഭകർക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നു. വസ്ത്ര നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകർക്ക് വളരെ കുറഞ്ഞ നിരക്കിൽ ലീസ് അടിസ്ഥാനത്തിൽ സ്പേസ് ലഭ്യമാണ്. കൂടാതെ കിൻഫ്ര പാർക്കുകളിലും യുവ-വനിതാ സംരംഭകർക്ക് അർഹമായ പരിഗണന ലഭിച്ചു വരുന്നു. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലും ഈ വിഭാഗത്തിന് പ്രത്യേക പരിഗണന നല്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**